**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ്- ബഡ്ജറ്റ് പ്രവൃത്തി- 2025-26 പാലക്കാട് ജില്ല- **" ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കടമ്പൂർ മാണിക്ക്യംപാറ റോഡ് "** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1879/2026/LSGD തീയതി,തിരുവനന്തപുരം, 06-10-2026

---

പരാമർശം:- 1. 28/04/2021 ലെ GO(P)67/2021/Fin സർക്കാർ ഉത്തരവ്

2. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 14.07.2026 ലെ LSGD/PD/32632/2025-EW6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികൾ - ക്രമ നമ്പർ 2469 ആയി ഉൾപ്പെടുത്തിയ ' **ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കടമ്പൂർ മാണിക്ക്യംപാറ റോഡ്** ' എന്ന പ്രവൃത്തി അക്രഡിറ്റഡ് ഏജൻസി മുഖേന PMC വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട നിയോജക മണ്ഡലം എം.എൽ.എ കത്ത് നൽകിയത് പ്രകാരം ടെണ്ടർ നടപടിയിലൂടെ **4.2 % സെന്റേജ് ചാർജ്** നിരക്കിൽ തിരഞ്ഞെടുക്കപ്പെട്ട Kerala Electrical & Allied Engineering Co.Ltd പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തിരം തയ്യാറാക്കി അംഗീകരിച്ച 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും അനുബന്ധ രേഖകളും സഹിതം ഭരണാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അക്രഡിറ്റഡ് ഏജൻസികളുടെ തിരഞ്ഞെടുപ്പ് അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തി നിർവഹണം എന്നിവ സംബന്ധിച്ച് പരമാർശം (1) സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പാലിച്ചിരിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2025-26 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- വാല്യം II ൽ ക്രമ നമ്പർ 2469 ആയി 75 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% തുക ഉൾപ്പെടുത്തിയ **" ഒറ്റപ്പാലം മണ്ഡലത്തിലെ കടമ്പൂർ മാണിക്ക്യംപാറ റോഡ്"** എന്ന പ്രവൃത്തിയ്ക്ക് **75 ലക്ഷം രൂപയുടെ (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് ***'4515-00-800-92(NP) '*** എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.ഇ അനുമതി പോർട്ടലിലൂടെ തുടർനടപടിക്രമം പൂർത്തിയാക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട്.
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ധനകാര്യ വകുപ്പ് (3608164/Dev-3/212/2026-Fin) ( AS/LGD/26/53894)
6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർഡി
8) കരുതൽ ഫയൽ (ഡി.ബി2/506/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 06-10-2026
15:03:55

സെക്ഷൻ ഓഫീസർ